**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1989** **29-09-2025 - ൽ മറുപടിയ്ക്ക്**

**തീരദേശ വികസന കോർപ്പറേഷന്റെ ചാത്തന്നൂർ മണ്ഡലത്തിലെ പ്രവൃത്തികൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ ജി എസ് ജയലാൽ</td><td colspan="2">ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>തീരദേശ വികസന കോർപ്പറേഷന്റെ നിർവഹണ ചുമതലയിൽ ചാത്തന്നൂർ മണ്ഡലത്തിൽ നടന്നുവരുന്ന മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം സംബന്ധിച്ച നിലവിലെ സ്ഥിതി ഓരോ മാർക്കറ്റുകളും തിരിച്ച് വിശദമാക്കാമോ;</td><td>(എ)</td><td>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിർവഹണ ചുമതലയിൽ ചാത്തന്നൂർ മണ്ഡലത്തിൽ നടന്നുവരുന്ന മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം സംബന്ധിച്ച നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>പദ്ധതി</th><th>അടങ്കൽ തുക (ലക്ഷത്തിൽ)</th><th>നിലവിലെ സ്ഥിതി</th></tr>
<tr><td>1</td><td>ചാത്തന്നൂർ മത്സ്യ മാർക്കറ്റ്</td><td>528.06</td><td>ഫിനിഷിംഗ് വർക്കുകൾ പൂർത്തീകരിച്ചു വരുന്നു.</td></tr>
<tr><td>2</td><td>പരവൂർ മത്സ്യ മാർക്കറ്റ്</td><td>235.18</td><td>പ്ലിന്ത് ബീം വരെ പൂർത്തീകരിച്ചു</td></tr>
<tr><td>3</td><td>കൊട്ടിയം മത്സ്യ മാർക്കറ്റ്</td><td>226.22</td><td>സ്ട്രക്ചറൽ വർക്കുകൾ പൂർത്തീകരിച്ചു.</td></tr>
<tr><td>4</td><td>പാരിപ്പള്ളി മത്സ്യ മാർക്കറ്റ്</td><td>302.63</td><td>Soil Investigation പൂർത്തീകരിച്ച് സാങ്കേതികാനുമതി നൽകി. പാക്കേജ് ഫയലിന് കിഫ്ബിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. കിഫ്ബിയിൽ പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് (PED) നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>തീരദേശ വികസന കോർപ്പറേഷന്റെ നിർവഹണ ചുമതലയിൽ ചാത്തന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട പരവൂർ നഗരസഭയിലെ പൂക്കുളം സുനാമി ഫ്ലാറ്റ്</td><td>(ബി)</td><td>പരവൂർ നഗരസഭയിലെ പൂക്കുളം സുനാമി കോളനി പുനരുദ്ധരിക്കുന്നതിന് 160 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയിലുൾപ്പെടുത്തി സുനാമി കോളനിയിൽ സ്ഥിതി ചെയ്യുന്ന 16 ബ്ലോക്കുകളിൽ 11 ബ്ലോക്കുകളുടെ റൂഫിന്റെ സ്ട്രക്ച്ചറൽ സ്റ്റീൽ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 5 ബ്ലോക്കുകളിൽ സ്ട്രക്ച്ചറൽ സ്റ്റീൽ വർക്ക് ഭാഗീകമായി പൂർത്തീകരിച്ചിട്ടുണ്ട്. ഷീറ്റ് ലേയിംഗ് പ്രവർത്തി ഉടനെ ആരംഭിക്കുന്നതാണ്. കൂടാതെ, സുനാമി കോളനിയിലെ ബാക്കി 15 ബ്ലോക്കുകളിൽ</td></tr>
</table>

| | | | |
|---|---|---|---|
| | സമുച്ചയത്തിൽ നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികളുടെ പുരോഗതിയും പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ? | | കൂടി ഷീറ്റ് റൂഫിങ്ങ് നടത്തുന്നതിനായി 149.00 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകുകയും, ദർഘാസ് നടപടി പൂർത്തീകരിച്ച് കരാറുകാരെ തെരെഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ